# തിരുവിതാംകൂർ ദേവസ്വം ബോർഡ്

acofficetvla@gmail.com (phone no:04692633077)

അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവല്ല

## ലേല പരസ്യം

തിരുവല്ല അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസിൽ നിന്നും പരസ്യം ചെയ്യുന്നതെന്തെന്നാൽ തിരുവല്ല ഗ്രൂപ്പിൽ തെള്ളിയൂർ സബ്ഗ്രൂപ്പിൽപ്പെട്ട തെള്ളിയൂർ ദേവസ്വത്തിലെ 1199-ാംമാണ്ട് വൃശ്ചിക വാണിഭം സംബന്ധിച്ച് താത്കാലിക കടകൾ കെട്ടിയും അല്ലാതെയും കച്ചവടം നടത്തുന്നതിനുള്ള അവകാശവും, ദേവസ്വം വക പാർക്കിംഗ് ഗ്രൗണ്ടിൽപാർക്ക് ചെയ്യുന്ന വാഹനങ്ങളിൽനിന്നും പാർക്കിംഗ് ഫീസ് പിരിക്കുന്നതിനുള്ള അവകാശവും, ടോയിലറ്റ് ബ്ലോക്ക് ഉപയോഗിക്കുന്നതിനുള്ള ഫീസ് ഈടാക്കുന്നതിനുള്ള അവകാശവും 7.11.2023 തീയതി പകൽ 11.30 ന് തെള്ളിയൂർ ദേവസ്വം ആഫീസിൽ വച്ച് പരസ്യമായി ലേലം ചെയ്ത് നൽകുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

നിബന്ധനകൾ

1. ലേലത്തിൽ പങ്കെടുക്കണമെന്നുള്ളവർ 2000/-രൂപയുടെ നിരതദ്രവ്യം ദേവസ്വം അക്കൗണ്ടാഫീസറുടെ അക്കൗണ്ടിൽ മാറത്തക്കവിധത്തിലുള്ള ധനലക്ഷ്മി ബാങ്കിന്റെ DD ആയി ഹാജരാക്കേണ്ടതാണ്.

2. തിരുവല്ല അസിസ്റ്റന്റ് ദേവസ്വം എഞ്ചിനീയർ തയ്യാർ ചെയ്തു നൽകിയിട്ടുള്ള 43 പ്ലോട്ടുകൾ ആയിരിക്കും ലേലം ചെയ്തു നൽകുക.

3. ലേലത്തിൽ ചേരാൻ ആഗ്രഹിക്കുന്നവർ തിരഞ്ഞെടുപ്പു കമ്മീഷണർ നൽകിയിട്ടുള്ള തിരിച്ചറിയൽകാർഡോ മറ്റ് ഗവൺമെന്റ് അംഗീകൃത തിരിച്ചറിയൽ കാർഡിന്റെയോ സ്വയം സാക്ഷ്യപ്പെടുത്തിയ കോപ്പിയോ ഹാജരാക്കേണ്ടതാണ്.

4. ഒരു കട ലേലം പിടിക്കുന്ന വ്യക്തിക്ക് ടി കടയിൽ തന്നെ ഒന്നിലധികം സ്ഥാപനങ്ങൾ നടത്തുവാൻ അനുവാദം ഉണ്ടായിരിക്കുന്നതല്ല.

5. ഒരാൾക്ക് അനുവദിക്കുന്ന സ്റ്റാൾ മറ്റൊരാൾക്ക് വീണ്ടും ലേലത്തിൽ കൊടുക്കുന്നതിനോ മറിച്ച് കച്ചവടം നടത്തുവാനോ അനുവദിക്കുന്നതല്ല.

6. തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുള്ള സ്കെച്ചിലും പ്ലാനിലും വിപരീതമായി യാതൊരു സ്റ്റാളും അനുവദിക്കുന്നതല്ല.

7. ക്ഷേത്രാചാരവിരുദ്ധമായ യാതൊരു സാധനങ്ങളും വിൽക്കുവാനോ പ്രദർശനം നടത്തുവാനോ പാടില്ലാത്തതാകുന്നു.

8. നിശ്ചിതസമയത്തിനുശേഷം സ്റ്റാളുകളിൽ കച്ചവടം നടത്തുവാൻ അനുവദിക്കുന്നതല്ല ആവശ്യമെങ്കിൽ ഈ തീയതിക്ക് ശേഷം ഒരാഴ്ചക്കാലംനിശ്ചിത അധിക ഫീസ് ഈടാക്കി പ്രവർത്തിപ്പിക്കാൻ അനുമതി നൽകുന്നതാണ്.

9. പ്ലോട്ടുകൾ ലേലം വിളിച്ച് ഏൽക്കുന്ന വ്യക്തി അവസാനം നിരതദ്രവ്യം കഴിച്ചുള്ള ലേലതുകയും ആയതിന്റെ 18 %GST തുകയും അപ്പോൾതന്നെ അടയ്ക്കേണ്ടതും വീഴ്ച വരുത്തുന്നവർ അടച്ചു തീർക്കുന്ന തുക മുതൽക്കൂട്ടി ആവർത്തന ലേലം നടത്തുന്നതും, ആവർത്തന ലേലത്തിൽ നഷ്ടമുണ്ടായാൽ ആദ്യ ലേലക്കാരൻ ഉത്തരവാദിയായിരിക്കുന്നതാകുന്നു.

10. ലേലക്കാരൻ ഒരു കാരണവശാലും ക്ഷേത്രത്തിന്റെ മതപരമായ ചടങ്ങിലോ ആചാരങ്ങളിലോ ഇടപെടലുകൾ നടത്തുവാൻ പാടുള്ളതല്ല.

11. ലേലം തുടങ്ങുന്നതിന് മുൻപു വരെ സീൽഡ് ക്വട്ടേഷൻ സ്വീകരിക്കുന്നതും ക്വട്ടേഷൻ കവറിൽ നിരതദ്രവ്യം ഉണ്ടായിരിക്കേണ്ടതും കവറിന് പുറത്ത് വിവരം വ്യക്തമായി രേഖപ്പെടുത്തിയിരിക്കേണ്ടതുമാണ്.

12. കടകൾ നടത്തുന്ന വ്യക്തികൾ പ്ലാസ്റ്റിക് മാലിന്യങ്ങളും മറ്റും സ്വന്തം ചിലവിൽ തന്നെ മാറ്റേണ്ടതുമാണ്.

13. ലേലം അംഗീകരിക്കുന്നതും, നിരാകരിക്കുന്നതും ഡിപ്പാർട്ട്മെന്റ് യുക്തം പോലെ ആയിരിക്കും.

ലേലം സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ തിരുവല്ല അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസിൽനിന്നോ തെള്ളിയൂർ ദേവസ്വം ആഫീസിൽ നിന്നോ പ്രവർത്തി സമയങ്ങളിൽ അറിയാവുന്നതുമാണ്.

തിരുവല്ല
26/10/2023

വിശ്വസ്തതയോടെ,

അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ
തിരുവല്ല